# വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR IAS)

വിഷയം:- വനിതാ-ശിശു വികസന വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 01-03-2024,29-09-2024,15-02-2025,23-03-2025 തീയതികളിലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/6048/2023-E8 നമ്പർ ഉത്തരവുകൾ.
2. 01-02-2025 തീയതിയിലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/86/2025-E1 നമ്പർ പരിപത്രം.
3. 23-07-2025 തീയതിയിലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/6/2025-E7 നമ്പർ ഉത്തരവുകൾ.

## ഉത്തരവ് നം. DWCD/7/2025-E4 തീയതി: 25-07-2025

വനിതാ-ശിശു വികസന വകുപ്പിൽ പരാമർശം (3) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും 2 ജീവനക്കാർക്ക് ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന സീനിയർ ക്ലാർക്ക് തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

പരാമർശം (1) പ്രകാരം ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിശ്ചിത ടെസ്റ്റ് യോഗ്യത നേടാത്ത/പ്രൊബേഷൻ പൂർത്തീകരിക്കാത്ത/വകുപ്പ് വിട്ടു പോയവർ/ഉദ്യോഗക്കയറ്റം റിലിൻക്വിഷ് ചെയ്തവർ/വകുപ്പ് തല നടപടിയുള്ളവർ/ശൂന്യവേതനാവധിയിലുള്ളവർ എന്നിങ്ങനെയുള്ള 26 ജീവനക്കാരെ (ക്രമനം.1, ക്രമനം.4 മുതൽ 6 വരെ, ക്രമ നം.8 മുതൽ 16 വരെ, ക്രമ നം.18 മുതൽ 24 വരെ, ക്രമ നം.26 മുതൽ 27 വരെ,ക്രമ നം.31, ക്രമ നം.34, ക്രമ നം.45, ക്രമ നം.57) ഉദ്യോഗക്കയറ്റത്തിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട്.

സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള 2 ഒഴിവുകളിൽ പരാമർശം (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി കവിത എ ജെ (ക്രമ നം 56), ശ്രീമതി ഷീബ എ എം (ക്രമ നം 58) എന്നിവർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

നിലവിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും,സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരായ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര്,തസ്തിക,നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ (DWCD/6048/2023-E8, 01/03/2024,29/09/2024 15/02/2025,23/03/2025) |
|---|---|---|
| 1. | **ശ്രീമതി കവിത എ ജെ**<br>ക്ലാർക്ക്-ടൈപ്പിസ്റ്റ്<br>ICDS ചിറ്റുമല<br>കൊല്ലം<br>PEN:826484 | 56 |
| 2. | **ശ്രീമതി ഷീബ എ എം**<br>ക്ലാർക്ക്<br>ICDS ചടയമംഗലം<br>കൊല്ലം | 58 |

| | | |
|---|---|---|
| | PEN:764212 | |

ഈ സാഹചര്യത്തിൽ മേൽ വിവരിക്കും പ്രകാരമുള്ള ജീവനക്കാർക്ക് KS&SSR ചട്ട 28A(1) പ്രകാരം 35,600-75,400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗക്കയറ്റം - സീനിയർ ക്ലാർക്ക്**

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|---|
| 1 | **ശ്രീമതി കവിത എ ജെ**<br>ക്ലാർക്ക്-ടൈപ്പിസ്റ്റ്<br>ICDS ചിറ്റുമല<br>കൊല്ലം<br>PEN:826484 | 56 | **സീനിയർ ക്ലാർക്ക്**<br>ജില്ല വനിത ശിശു വികസന ഓഫീസ്<br>മലപ്പുറം. |
| 2 | **ശ്രീമതി ഷീബ എ എം**<br>ക്ലാർക്ക്<br>ICDS ചടയമംഗലം<br>കൊല്ലം<br>PEN:764212 | 58 | **സീനിയർ ക്ലാർക്ക്**<br>ICDS തളിപറമ്പ് അഡീഷണൽ-II<br>കണ്ണൂർ. |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

വകുപ്പിലെ ജീവനക്കാരുടെ 2025 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും മറ്റ് നടപടികൾക്കുമായി മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് പരാമർശം (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ 2025 ലെ പൊതു സ്ഥലംമാറ്റത്തിൽ ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും പൊതുസ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ നിയമിക്കുന്നവരെ മാറ്റി നിയമിക്കുന്നതുമാണ്.

HARITHA V KUMAR IAS
**വനിതാ-ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

**<u>പകർപ്പ് :</u>**

1. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്/പ്രോഗ്രാം ഓഫീസർമാർക്ക്.
2. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്.
3. സൂപ്രണ്ട് ഐടി സെൽ(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Chithra T സൂപ്രണ്ട്
Date: 25-07-2025 14:35:24